# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 661**

## എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വ്യവസായ മേഖലയെ ഉദ്ദീപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സംഘടിപ്പിച്ച 'എമർജിംഗ് കേരള'യിലൂടെ സംസ്ഥാനത്ത് ഇതുവരെ എത്ര വ്യവസായങ്ങൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) എമർജിംഗ് കേരള നിക്ഷേപ സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വ്യവസായ വകുപ്പിന് കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.<br><br>കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തിലുള്ള മെസ്സേഴ്സ് Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ന് ആരംഭിച്ചു കഴിഞ്ഞു. കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപ്പാദനം 09/09/2013 ൽ ആരംഭിച്ചു.<br><br>7000 കോടി രൂപ മുതൽമുടക്കു വരുന്ന പെട്രോകെമിക്കൽ പാർക്ക് കൊച്ചി അമ്പലമുകളിൽ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. എമർജിംഗ് കേരളയിൽ പങ്കെടുത്ത 5 കമ്പനികൾ ഇവിടെ വിവിധ പദ്ധതികൾ ആരംഭിക്കുന്നുണ്ട്. |

എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോ ന്യൂട്ര പാർക്ക് (വിവിധ ഘട്ടം) ന്റെ ഒന്നും രണ്ടും ഘട്ടത്തിൽ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ടൂറിസം വകുപ്പിനു കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവഹിച്ചു കഴിഞ്ഞു. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, 12000 കോടി രൂപയുടെ ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട്, കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ്ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ, മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

1500 കോടി രൂപ മുതൽ മുടക്കുള്ള ഡി.എം. ഹെൽത്ത് കെയറിന്റെ കൊച്ചിയിലെ ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റൽ പദ്ധതിയുടെ 500 കോടി ചെലവു വരുന്ന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ലൈഫ് സയൻസ് പാർക്കിന്റെ ഭാഗമായി തിരുവനന്തപുരത്ത് ബയോടെക് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

| | |
|---|---|
| **(ബി)** എമർജിംഗ് കേരള സംഘടിപ്പിച്ചതിന്റെ ഭാഗമായി സംസ്ഥാന ഖജനാവിൽ നിന്ന് എത്ര തുക ചെലവായിട്ടുണ്ട്; വ്യക്തമാക്കാമോ? | **(ബി)** എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ടു നടത്തിയ വിവിധ പ്രവർത്തനങ്ങൾക്ക് അതിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. മൊത്തം 17.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ